**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *214** **17.08.2017- ൽ മറുപടിക്ക്**

## ഫെസിലിറ്റേഷൻ സെന്ററുകൾ

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>,, ഷാഫി പറമ്പിൽ<br>,, അനിൽ അക്കര<br>,, അനൂപ് ജേക്കബ് : | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br>(സി) ഇതരസംസ്ഥാന തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിന്റെ പ്രവർത്തനത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ), (ബി) & (സി) | ഉണ്ട്. കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് നിയമപരമായ അവകാശങ്ങളെക്കുറിച്ചും സർക്കാരിന്റെ വിവിധ ആനുകൂല്യങ്ങളെക്കുറിച്ചും വിവരങ്ങൾ നൽകുവാനും ആവാസ് പദ്ധതിയുടെ ഗുണഫലങ്ങളെക്കുറിച്ചും സംശയ നിവാരണത്തിനും കൂടാതെ ടി തൊഴിലാളികളുടെ ദൈനംദിന/ തൊഴിൽപരമായ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും ആയതിന്മേൽ പ്രശ്നപരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും സഹായകരമായ രീതിയിൽ എല്ലാ ജില്ലകളിലും ഫെസിലിറ്റേഷൻ സെൻറർ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഫെസിലിറ്റേഷൻ സെന്ററുകൾ തുടങ്ങുന്നത്; ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ? | (ഡി) | പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരം/ എറണാകുളം/ കോഴിക്കോട് എന്നീ ജില്ലകളിലെ യഥാക്രമം കഴക്കൂട്ടം, പെരുമ്പാവൂർ, ഫറൂക്ക് എന്നീ സ്ഥലങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ